പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3290 — 14.10.2011-ൽ മറുപടിയ്ക്ക്

എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; | (എ) പഴയ ബാലുശ്ശേരി അസംബ്ലി നിയോജക മണ്ഡലത്തിൽ വരുന്ന ഈ പഞ്ചായത്തുകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1,61,67,950 രൂപയുടെ പ്രവൃത്തികൾക്ക് 18-05-2011 ന് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റ് തുകയിൽ 67,58,000 രൂപ, എം. എൽ. എ, എം. പി, പഞ്ചായത്ത് ഫണ്ടുകളിൽ നിന്നും ബാക്കി 94,09,950/- രൂപ ബോർഡിന്റെ നോർമൽ ഡവലപ്പ്മെന്റ് ഫണ്ടിൽ നിന്നുമാണ് കണക്കാക്കിയിട്ടുള്ളത്. തലക്കുളത്തൂർ പഞ്ചായത്തിൽ 30-06-2011 വരെ രജിസ്റ്റർ ചെയ്ത എല്ലാ കണക്ഷനുകളും ഇതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ പഞ്ചായത്തുകളിൽ 'ആർ. ജി. ജി. വി. വൈ ' പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ബി. പി. എൽ ഉപഭോക്താക്കൾക്ക് സർവ്വീസ് കണക്ഷൻ കൊടുക്കുവാനുള്ള സർവ്വേ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ആർ. ജി. ജി. വി. വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അടുത്ത മാസം 15-ാം തീയതിയോട് കൂടി ആരംഭിക്കാനാകു |

മെന്നാണ് പ്രതീക്ഷിക്കുന്നത്. ആർ. ജി. ജി. വി. വൈ കഴിഞ്ഞുള്ള ബാക്കി പ്രവൃത്തികൾ ബോർഡ് ഫണ്ട്, എം. എൽ. എ ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് ചെയ്യുന്നത്. 49,46,263 രൂപ എം. എൽ. എ അടച്ചതിൽ 3,96,263 രൂപ ഇതിനകം വൈദ്യുതീകരണ പ്രവൃത്തികൾക്കായി വിനിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) ആർ. ജി. ജി. വി. വൈ പദ്ധതികൾ തീരുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.